**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2437** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2021 മുതൽ കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ക്ഷാമബത്ത അനുവദിച്ച തീയതിയും പ്രസ്തുത ക്ഷാമബത്ത അനുവദിക്കേണ്ടിയിരുന്നത് ഏത് തീയതി മുതലായിരുന്നുവെന്നും അറിയിക്കാമോ; ക്ഷാമബത്ത അനുവദിക്കേണ്ടിയിരുന്ന തീയതി മുതലുള്ള കുടിശ്ശിക നൽകുമോയെന്നും എങ്കിൽ ആയത് എപ്പോൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **ക്ഷാമബത്ത അനുവദിച്ച തീയതിയും പ്രസ്തുത ക്ഷാമബത്ത അനുവദിക്കേണ്ടിയിരുന്നത് ഏത് തീയതി മുതലായിരുന്നുവെന്നും** അനുബന്ധം 1-ആയി ചേർത്തിട്ടുണ്ട്. **2026-2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 744 ലെ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.**

**(ബി)** ക്ഷാമബത്ത കുടിശ്ശിക ലഭ്യമാക്കാത്തതിനാൽ പ്രതിമാസം മൊത്ത ശമ്പളത്തിന്റെ എത്ര ശതമാനമാണ് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കുറവുണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** **കണക്കാക്കിയിട്ടില്ല.**

**(സി)** സംസ്ഥാനത്തെ ഹൈക്കോടതിയിലെയും മറ്റ് കോടതികളിലെയും ജഡ്ജിമാർ, മജിസ്ട്രേട്ടുമാർ , ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ, ഗവർണർ/മുഖ്യമന്ത്രി/മറ്റു മന്ത്രിമാർ/ക്യാബിനറ്റ് പദവിയുള്ള മറ്റ് വ്യക്തികൾ എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശ്ശികയുണ്ടെന്നും പ്രത്യേകം അറിയിക്കാമോ?

**<u>മറുപടി:</u>** കുടിശ്ശികയില്ല.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം – 1

| ക്രമ നമ്പർ | ക്ഷാമബത്ത നിരക്ക് (%) | ക്ഷാമബത്ത അനുവദിച്ച തീയതി | ക്ഷാമബത്ത അനുവദിക്കേണ്ടിയിരുന്ന തീയതി |
|---|---|---|---|
| 1 | 2 | 2024 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം | 01.01.2021 |
| 2 | 3 | 2024 ഒക്ടോബർ മാസത്തെ ശമ്പളത്തോടൊപ്പം | 01.07.2021 |
| 3 | 3 | 2025 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം | 01.01.2022 |
| 4 | 3 | 2025 ആഗസ്റ്റ് മാസത്തെ ശമ്പളത്തോടൊപ്പം | 01.07.2022 |
| 5 | 4 | 2025 ഒക്ടോബർ മാസത്തെ ശമ്പളത്തോടൊപ്പം | 01.01.2023 |
| 6 | 3 | 2026 ഫെബ്രുവരി മാസത്തെ ശമ്പളത്തോടൊപ്പം | 01.07.2023 |
| 7 | 10 | 2026 മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം | 01.01.2024-3%<br>01.07.2024-3%<br>01.01.2025-2%<br>01.07.2025-2% |